കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉത്തരവായിട്ടുണ്ട്.

(ബി) ടി ഉത്തരവ് ശ്രദ്ധയിൽപ്പെടുന്നതിനു മുമ്പ് തന്നെ പച്ചക്കറികളിൽ കീടനാശിനികളുടെ ഉപയോഗം സംബന്ധിച്ച പരാതിയുടെ ഗൗരവമുൾക്കൊണ്ട് ബഹു. മുഖ്യമന്ത്രി ഒരു അടിയന്തര യോഗം വിളിച്ചുകൂട്ടി. ഈ യോഗത്തിലെടുത്ത തീരുമാനങ്ങളനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച് അവ കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യൂ സ്റ്റഡീസ് ലാബിൽ അയച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇവിടെനിന്നും ലഭിക്കുന്ന പരിശോധനാ ഫലങ്ങളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ കൂടി അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളുടെ ഉറവിടം സെയിൽസ് ടാക്സ് വകുപ്പിന്റെ സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാതു സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി അലോചിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ദക്ഷിണേൻഡ്യയിലുള്ള ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ യോഗം വിളിക്കാനും പ്രശ്നം ചർച്ച ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

2 (*272) ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും സ്പോർട്സും സിനിമയും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ക്ഷേമനിധി ബോർഡിൽനിന്നും നൽകിവരുന്ന പെൻഷനുകൾ കൃത്യമായി വിതരണം ചെയ്യപ്പെടുന്നുണ്ടോ ; ഇല്ലെങ്കിൽ കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ;

(സി) പെൻഷൻ ഫണ്ടിന്റെ വരുമാനസ്രോതസ്സ് ഏതെല്ലാം ; ഇതിൽ ഏതെങ്കിലും വരുമാന സ്രോതസ്സ് നിലച്ചിട്ടുണ്ടോ ;എങ്കിൽ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതുമൂലം എന്തെങ്കിലും പ്രതിസന്ധി ഉടലെടുത്തിട്ടുണ്ടോ ; ഇതിന് പരിഹാരം കാണാൻ എന്ത് നടപടി സ്വീകരിച്ചുവെന്നറിയിക്കുമോ ?

വനവും പരിസ്ഥിതിയും സ്പോർട്സും സിനിമയും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) 2014 ഒക്ടോബർ മാസംവരെ ക്ഷേമനിധി പെൻഷൻ കൃത്യമായി വിതരണം ചെയ്തിരുന്നു. 1470 പേർക്കാണ് ടി മാസം പെൻഷൻ വിതരണം ചെയ്തിരുന്നത്. ഇതിനായി 14,70,000 രൂപയാണ് പ്രതിമാസം ചെലവുവരുന്നത്. ക്ഷേമനിധിയിൽ നീക്കിയിരിപ്പില്ലാത്തതിനാൽ 2014 നവംബർ മാസം മുതൽ ഇരുന്നൂറോളം പേർക്ക് പെൻഷൻ കുടിശ്ശികയാണ്.

(സി) 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് 3-ാം വകുപ്പ് 2-ാം ഉപവകുപ്പിൽ സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ വരവുവയ്ക്കേണ്ട ഫണ്ടിനങ്ങൾ ഏതൊക്കെയാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.* ഇവർക്കു പുറമേ ആക്ടിലെ 6-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം, ഓരോ വർഷവും അംഗങ്ങളിൽനിന്നും ലഭിക്കുന്ന മൊത്തം അംശദായത്തിന്റെ രണ്ടു ശതമാനത്തിനു തുല്യമായ തുക സർക്കാർ ഗ്രാന്റായി ലഭിക്കുന്നതിനും വ്യവസ്ഥയുണ്ട്.

മേൽ പരാമർശിക്കപ്പെട്ട ഫണ്ടിനങ്ങളിൽ അംഗങ്ങളിൽനിന്നും ലഭിക്കുന്ന രജിസ്ട്രേഷൻ ഫീ, അംശദായം, സിനിമാ പ്രേക്ഷകരിൽനിന്നും പിരിച്ചെടുക്കുന്ന സെസ്സ് എന്നിവയാണ് ലഭിച്ചു വന്നിരുന്നത്. കൂടാതെ സാംസ്കാരിക ബമ്പർ ലോട്ടറിയിലൂടെ പിരിഞ്ഞുകിട്ടിയ തുകയുടെ അറ്റാദായത്തിൽനിന്നും 1,41,40,000 രൂപ സർക്കാർ ക്ഷേമനിധി ബോർഡിന് കൈമാറിയിരുന്നു. 2014 ഒക്ടോബർ മാസം വരെ പെൻഷൻ ആനുകൂല്യങ്ങൾ നൽകിയും മറ്റു ചെലവുകൾക്കുമായി ഇത്തരത്തിൽ ലഭിച്ചിട്ടുള്ള ഫണ്ട് പൂർണ്ണമായി വിനിയോഗിച്ചുകഴിഞ്ഞു. സെസ്സ് പിരിവിനെതിരെ ഫിലിം എക്സിബിറ്റേഴ്സ് ഫെഡറേഷനും മറ്റുചില കക്ഷികളും ഫയൽചെയ്ത WP (C) 4195/2013-ലും ബന്ധപ്പെട്ട കേസുകളിലും ഉണ്ടായ താൽക്കാലിക വിധിയെത്തുടർന്ന് സെസ്സ് പിരിവ് നിലച്ചിരിക്കുകയാണ്. ഇത്തരത്തിൽ മുമ്പ് ഉണ്ടായിരുന്ന തുക വിതരണം ചെയ്ത് തീർന്നതിനാലും ബോർഡിന്റെ വരുമാനം നിലച്ചിരിക്കുന്നതിനാലും പെൻഷൻ നൽകാൻ നിർവ്വാഹമില്ലാത്ത അവസ്ഥയുണ്ടായിരുന്നു.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്. സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് നിലവിൽ അഭിമുഖീകരിച്ചുവരുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി ബോർഡിന്റെ ഭരണപരമായ ചെലവുകൾക്കായി 20-1-2015 തീയതിയിലെ സ.ഉ. (സാധാ) 29/15/ സിഎഡി പ്രകാരം 6 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ 9-3-2015-ലെ ജി.ഒ.(ആർ.ടി) 104/15/സിഎഡി ഉത്തരവു പ്രകാരം രണ്ടുകോടി രൂപ സിനിമാ സെസ്സ് പിരിവ് ആരംഭിക്കുമ്പോൾ ആ വരുമാനത്തിൽനിന്നും സർക്കാരിലേക്ക് തിരിച്ച് അടയ്ക്കണമെന്ന വ്യവസ്ഥയിൽ, അനുവദിച്ചു നൽകിയിട്ടുണ്ട്.

ഹൈടെക് കൃഷിരീതി

3 (*273) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയ്ക്ക് നൽകുന്ന പ്രാധാന്യത്തിനനുസൃതമായ വളർച്ച ഉണ്ടാകാതിരിക്കുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഹൈടെക് കൃഷിരീതിമൂലം കാർഷിക മേഖലയിൽ എന്തൊക്കെ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞു ; വ്യക്തമാക്കുമോ ;

(സി) എത്ര കർഷകരെ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) കാർഷിക മേഖലയ്ക്ക് നല്കുന്ന പ്രാധാന്യത്തിനനുസൃതമായ വളർച്ച ഉണ്ടായതായാണ് സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നത്. കാർഷിക മേഖലയിൽ 2012-13 സാമ്പത്തിക വർഷത്തിൽ മുൻ വർഷത്തെക്കാൾ 5.62 ശതമാനം അധിക വളർച്ചാ നിരക്ക് രേഖപ്പെടുത്തിയതായി കണക്കാക്കിയിരിക്കുന്നു. മുൻ വർഷങ്ങളിലെ കാർഷിക മേഖലയിലെ വളർച്ചാ നിരക്കുകൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly